I/68778/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. <u>പ്രിയങ്ക.ജി I A S</u> )

വിഷയം:- വനിത ശിശു വികസന വകുപ്പ് – അന്വേഷി വിമൺസ് കൗൺസിലിംഗ് സെന്റർ-ഗ്രാന്റ് ഇൻ എയ്ഡ്-2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി രണ്ടാം ഗഡു – തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. സ.ഉ(സാ.ധാ) നം. 431/2022/വ.ശി.വി.വ തീയതി 24/09/2022
2. ബഹു. വനിതാ ശിശു വികസന ഡയറക്ടറും അന്വേഷി പ്രസിഡന്റുമായി 15/10/2022 ൽ ഒപ്പ് വച്ച ധാരണാ പത്രം
3. വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ 25/10/2022 ലെ ഇതേ നം. ഉത്തരവ്
4. വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ 07/11/2022 ലെ ഇതേ നം. ഉത്തരവ്

**<u>ഉത്തരവ് നം. DWCD/1507/2022-WEC2 തീയതി: 27-11-2022</u>**

സ്ത്രീ ശാക്തീകരണം, സ്ത്രീ വിമോചനം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുക, എന്നീ ലക്ഷ്യങ്ങളോടെ കോഴിക്കോട് ജില്ലയിൽ പ്രവർത്തിയ്ക്കുന്ന ഒരു സംഘടനയാണ് അന്വേഷി വിമൺസ് കൗൺസിലിംഗ് സെന്റർ. ടി സംഘടനയ്ക്ക് സ്ത്രീ ശക്തീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2022-23 വർഷത്തിൽ 2235-02-103-64( NP) ശീർഷകത്തിൽ നിന്നും 25 ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം 12,00,000/- രൂപ ഒന്നാം ഗഡുവായും പരാമർശം (4) പ്രകാരം 13,00,000/- രൂപ രണ്ടാം ഗഡുവായും അന്വേഷി വിമൺസ് കൗൺസിലിംഗ് സെന്ററിന് അനുവദിച്ചിച്ച് ഉത്തരവായിരുന്നു. എന്നാൽ രണ്ടാം ഗഡുവായി അനുവദിച്ച 13,00,000/- രൂപയിൽ സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണം കാരണം 6,75,000/- രൂപ മാത്രമേ മാറി നൽകുവാൻ സാധിക്കുകയുള്ളൂ.

ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും പരാമർശം(1) ഉത്തരവിനും പരാമർശം(2) MOU വിലെ വ്യവസ്ഥകൾക്കും വിധേയമായി ഭരണാനുമതി ലഭ്യമായ 25 ലക്ഷം രൂപയിൽ പരാമർശം(3) പ്രകാരം ഒന്നാം ഗഡുവായി അനുവദിച്ച 12,00,000/-രൂപ കിഴിച്ച് ബാക്കി നൽകേണ്ട 13,00,000/- രൂപയിൽ നിന്നും രണ്ടാം ഗഡുവായി 6,75,000/- രൂപ കൂടി അന്വേഷി വിമൺസ് കൗൺസിലിംഗ് സെന്ററിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ടി ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മേൽനോട്ട ചുമതല കോഴിക്കോട് ജില്ലാ വനിതാ ശിശു വികസന വഹിക്കേണ്ടതാണ്. ഇപ്രകാരം അനുവദിച്ച 6,75,000/- രൂപ (ആറ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-64(NP)

I/68778/2022

ശീർഷകത്തിൽ നിന്നും കോഴിക്കോട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ മാറി അന്വേഷി വിമൺസ് കൗൺസിലിംഗ് സെന്ററിന്റെ നെല്ലിക്കോട് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ നെല്ലിക്കോട് ശാഖയിലെ അക്കൗണ്ട് നമ്പരിലേയ്ക്ക് 441802010208340(IFSC UBIN0544183) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

തുക അനുവദിച്ച ശേഷം ടി സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് കോഴിക്കോട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ അന്വേഷിക്കേണ്ടതും സർക്കാർ ഉത്തരവിനും MOU വിലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണോ ഫണ്ട് ചെലവഴിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം (കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം II ലെ ഫോറം 44 പ്രകാരം), ചെലവ് വിവര പട്ടിക എന്നിവ കോഴിക്കോട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ അന്വേഷി വിമൺസ് കൗൺസിലിംഗ് സെന്ററിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ വനിതാ ശിശു വികസന ഓഫീസർ

കോഴിക്കോട്

പകർപ്പ് :

1. പ്രസിഡന്റ്, അന്വേഷി വിമൺസ് കൗൺസിലിംഗ് സെന്റർ, കോഴിക്കോട്
2. സൂപ്രണ്ട്, എ സെക്ഷൻ(അലോട്ട്മെന്റ് നൽകുന്നതിന്)
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

**Signed by Priyanka G**
**Date: 27-11-2022 22:55:44**